# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി.എച്ച്.എസ് റിപ്പൺ

യു.പി വിഭാഗം.

2025-2026

പഠിതാവിന്റെ സമഗ്രവികസനവും പ്രശ്ന പരിഹരണ ശേഷിയും ഉറപ്പിക്കുക എന്ന ലക്ഷ്യങ്ങൾക്ക് സമാന്തരമായി, സാമൂഹ്യ ജീവിതത്തിൽ വിദ്യാർത്ഥി സമൂഹം നേരിടുന്ന മൂല്യച്യുതിക്കും വെല്ലുവിളികൾക്കും പരിഹാരം കണ്ട് പഠിതാവിനെ ലക്ഷ്യബോധവും മൂല്യബോധവുമുള്ള ഉത്തമ പൗരൻമാരാക്കി പരുവപ്പെടുത്തി എടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം ഞങ്ങളുടെ ഓരോരുത്തരുടേയും കടമയായി കണ്ടാണ് വിഷയാധ്യാപകർ അവരവരുടെ വിഷയ മേഖലകളിലെ പ്രവർത്തനങ്ങളോടൊപ്പം, വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്ത സമഗ്ര ഗുണമേന്മാ പദ്ധതിയിലെ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ജി. എച്ച്. എസ് റിപ്പൺ യു.പി വിഭാഗം കുറ്റമറ്റ രീതിയിൽ ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. നൂതന സാങ്കേതികവിദ്യയിൽ ഊന്നി മികച്ച ഭൗതിക - അക്കാദമിക സാഹചര്യങ്ങൾ ലഭ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി തുടങ്ങിയ ഭാഷാ പഠനവും, പരീക്ഷണ

നിരീക്ഷണങ്ങളിലൂന്നിയ ശാസ്ത്ര പഠനവും, ചരിത്ര ശേഷിപ്പുകളിലൂടെയും, സാംസ്കാരിക വൈവിധ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന സാമൂഹ്യ ശാസ്ത്ര പഠനവും, പ്രായോഗികതയിൽ അധിഷ്ഠിതമാക്കി ജീവിത വ്യവഹാരങ്ങളിൽ കോർത്തിണക്കിയ ഗണിത പഠനവും, ആരോഗ്യം, കായികം പ്രവർത്തി പരിചയം മേഖലകളിലെ നൈപുണികളും കോർത്തിണക്കിയ പഠനരീതികൾ സജ്ജമാക്കുവാൻ ജി.എച്ച്.എസ് നിടാൽ യു.പി വിഭാഗത്തിന് സാധിച്ചിട്ടുണ്ട്.

# യു.പി വിഭാഗം 2025-26

1. അധ്യാപകരുടെ എണ്ണം

| Sl/No | അധ്യാപകർ | വിഷയങ്ങൾ |
|---|---|---|
| 1 | സംഗീത പി.എസ് | അടിസ്ഥാന ശാസ്ത്രം, മലയാളം |
| 2 | റുബീന.പി | സാമൂഹ്യ ശാസ്ത്രം |
| 3 | സരിത.കെ.കെ | അടിസ്ഥാന ശാസ്ത്രം, മലയാളം |
| 4 | ജയലക്ഷ്മി | ഇംഗ്ലീഷ് |
| 5 | ശബ്ന.പി | ഗണിതം, മലയാളം II |
| 6 | ലിബിന.എം.എസ് | അടിസ്ഥാന ശാസ്ത്രം, ഗണിതം |
| 7 | നൗഷീബ | അറബിക് |
| 8 | നിത | കായികം |
| 9 | ഹൃദ്യ Daily Wage | ഇംഗ്ലീഷ്, ഗണിതം, മലയാളം |
| 10 | ധന്യ " | അടിസ്ഥാന ശാസ്ത്രം, ഇംഗ്ലീഷ്, മലയാളം |
| 11 | കവിത " | സാമൂഹ്യ ശാസ്ത്രം, ഗണിതം, മലയാളം |
| 12 | അമൃത " | ഹിന്ദി |

2. വിദ്യാർത്ഥികളുടെ എണ്ണം.

| BOYS | Girls | Total |
|---|---|---|
| 156 | 136 | 292 |

IEDC No: 9

# ലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മ പദ്ധതി ഊന്നൽ നൽകിയ 6 മേഖലകളിലും കുട്ടി ആർജ്ജിക്കേണ്ട മുഴുവൻ ശേഷികളും കുട്ടികൾക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കുക.
* കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ പരിപോഷിപ്പിക്കുവാൻ അവസരങ്ങൾ ഒരുക്കുക.
* വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള ബോധനങ്ങൾക്ക് പരിശീലനം നൽകുകയും, ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
* ഗവേഷണാത്മക പഠനത്തിനും അധ്യാപനത്തിനും സാഹചര്യമൊരുക്കുക.
* പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി പിന്തുണാ പ്രവർത്തനങ്ങൾ നൽകി.
* ലഘു പഠനയാത്രകൾ, പരീക്ഷണങ്ങൾ, പഠന ക്ലാസുകൾ, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവയെ പഠന തന്ത്രങ്ങളായി കണ്ട് പ്രയോജനപ്പെടുത്തുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
* മാനസിക പിരിമുറുക്കം കുറക്കുന്നതിനായി കൗൺസലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

| പ്രവർത്തന മേഖല | ലക്ഷ്യങ്ങൾ | കാലയളവ് | സാന്നിധ്യം |
|---|---|---|---|
| 1 ആരോഗ്യം: ജ്യോതി വെയ്ൻ & പാലിയേറ്റീവ് കെയർ- ഡയാലിസിസ് സെന്റർ - സന്ദർശനം. | ജീവിച്ചിരിക്കുന്ന കാലം ആരോഗ്യം വിലമതിക്കാനാവാത്തതാണെന്നും നല്ല ആരോഗ്യ ശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കണമെന്നുമുള്ള തിരിച്ചറിവ്. | ജൂൺ | പൂർവ്വവിദ്യാർത്ഥികൾ |
| 2. റോഡ് സുരക്ഷ: മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസ്സും സെമിനാറുകളും. | റോഡ് സുരക്ഷയുടെ പ്രാധാന്യം മനസിലാക്കൽ | ജൂൺ | PTA |
| 3. ലഹരി: ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്കരണക്ലാസ് - എക്സൈസിന്റെ സഹായത്തോടു കൂടി സംഘടിപ്പിക്കുന്നു. * ലഹരി മുക്തമാക്കി നാടിമുഖം. | ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് മനസിലാക്കുന്നു. | ജൂൺ. | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ നേടിയെടുക്കൽ | *പഠിതാവിന്റെ അടിസ്ഥാനതല അറിവ് മനസ്സിലാക്കുവാൻ ഉചിതമായ തന്ത്രങ്ങൾ പ്രയോഗിക്കുന്നു.<br>* ഭൂപടങ്ങൾ, രാജ്യങ്ങൾ, സ്ഥാനങ്ങൾ തുടങ്ങി വിവരങ്ങൾ ശേഖരിക്കുന്നു. | ജൂൺ ആദ്യവാരം.<br>ജൂൺ രണ്ടാം വാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | — |
| 2. പഠിതാക്കളെ ദേശീയ ബോധം, ചരിത്ര ബോധം എന്നിവ ഉള്ളവരാക്കി തീർക്കുന്നു. | * ദേശീയ നേതാക്കന്മാരുടേയും, സ്വാതന്ത്ര്യ സമര സേനാനികളുടേയും സംഭാവനകൾ മനസ്സിലാക്കുന്നു.<br>* ചരിത്ര സ്മാരകങ്ങളും, മറ്റു നിർമ്മിതികളും വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | * ഭിന്ന ശേഷിക്കാരെയും, ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളായ സഹപാഠികളെ ചേർത്തു നിർത്തി ഗൃഹ സന്ദർശനം നടത്തുന്നു. | ഓഗസ്റ്റ് | PTA & സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെ മനസിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. | * ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പഠിതാക്കളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5. സഹജീവിസ്നേഹം വളർത്തുവാൻ പ്രോത്സാഹനം നൽകുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യുവാൻ അവസരം നൽകുന്നു. | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് & സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6. സാമൂഹ്യമാധ്യമങ്ങളുടെയും വിവരസാങ്കേതിക വിദ്യയുടെയും ദുരുപയോഗങ്ങളെയും, റോഡ് സുരക്ഷ, സൈബർ സുരക്ഷ എന്നിവയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | നവംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അധ്യാപകർ | |
| 7. സമഗ്ര സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപീകരിക്കുന്നു. | പരിസ്ഥിതി തകർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് അന്ത്യം കുറിക്കുവാൻ കാടുകൾ, അരുവികൾ, ജലാശയങ്ങൾ, തുടങ്ങിയവ സന്ദർശിച്ച് സചിത്ര റിപ്പോർട്ട് സമർപ്പിക്കുന്നു. | ഡിസംബർ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8) സാദൃശ്യ ശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അവർ ദേശീയ തലത്തിലെത്തിക്കുക. | അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, മനോ ബുദ്ധിയോടെ ഉപാധി വിജ്ഞാനം പകരുവാൻ സഹായിക്കുന്ന ബോധ്യങ്ങളെ വെളുതേ, ക്രമീകൃത എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാദൃശ്യശാസ്ത്ര അദ്ധ്യാപകർ | |

| പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | പ്രതീക്ഷിത ചിലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1. ഭക്ഷ്യമേള | - ഭക്ഷ്യ ചാർട്ട് നിർമ്മാണം<br>- പാചകക്കുറിപ്പ്<br>- ആഹാരം ആരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ | ആരോഗ്യം നിലനിർത്തുന്നതിനുവേണ്ടി ഭക്ഷണ ശീലത്തിൽ വരുത്തേണ്ട മാറ്റങ്ങൾ തിരിച്ചറിയുന്ന വ്യത്യസ്ത പോഷകഘടകങ്ങളുടെ ആവശ്യകത മനസിലാക്കൽ | ജൂൺ | ശാസ്ത്ര അധ്യാപകർ - Science club | PTA രക്ഷിതാക്കൾ | SRG, HM, PTA |
| 2. ലെയറിംഗ്, ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ് എന്നീ കായിക പ്രജനന രീതികൾ വിദ്യാലയത്തിൽ പരിശീലിപ്പിക്കുന്നു | സ്കൂളിൽ ലഭ്യമായിട്ടുള്ള ചെടികളുപയോഗിച്ച് layering, budding, grafting എന്നീ രീതികൾ<br>layering - പേരമരം<br>grafting - മാവ്<br>budding - റോസ് | - നൂതന കൃഷി രീതികളുടെ ഗുണങ്ങളും ദോഷങ്ങളും സാധ്യതകളും തിരിച്ചറിയുന്നു.<br>- കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | ജൂലൈ | " | " | " |
| 3. പക്ഷികളുടെ വൈവിധ്യം കണ്ടെത്തുന്നതിനുള്ള പ്രവർത്തനമായി പക്ഷിക്കൂട് നിർമ്മാണം. | നിരീക്ഷണത്തിലൂടെയും വായനയിലൂടെയും ചുറ്റുപാടിലുള്ള പക്ഷികളുടെ വിവിധ ഇനങ്ങൾ, പ്രത്യേകതകൾ എന്നിവ തിരിച്ചറിയുന്നതിലൂടെ ജൈവവൈവിധ്യം എന്ന ആശയം ഉറപ്പിക്കുന്നു. | പരാഗണത്തിന് സഹായിക്കുന്നതും വംശത്തിന്റെയും നിലനിൽപ്പിനും ആവശ്യവും ജൈവ - വൈവിധ്യം എന്ന ആശയത്തിൽ എത്തിച്ചേരുന്നു. | ആഗസ്റ്റ് | " | PTA | " |

| | | | | | | |
|---|---|---|---|---|---|---|
| 4) ശാസ്ത്രമേള സ്കൂൾ തല ശാസ്ത്രമേള | സ്കൂൾ തലത്തിൽ ചാർട്ട്, കളക്ഷൻ തിരിഞ്ഞ് still model, working model, Quiz preparation, TLM എന്നിവ നടത്തുന്നു. | ശാസ്ത്ര വിഷയങ്ങളോടു സമ്പർക്കത്തിലൂടെ അഭിരുചിയും വർധിക്കും. | September | ശാസ്ത്ര അദ്ധ്യാപകർ Science club | 1500/- | SRG, HM, PTA |
| 5) സയൻസ് ലാബ് നവീകരണം | - Stock register updation<br>- | ശാസ്ത്ര പഠനം കാര്യക്ഷമമാക്കുന്നതിന | October | " | | |
| 6) ശാസ്ത്രകിറ്റ്, ലാബ് @ home, സോപ്പ് നിർമ്മാണം മണ്ണിന്റെ pH നിർണ്ണയിക്കൽ | ഓരോ കുട്ടിക്കും ഓരോ ശാസ്ത്രകിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ കണ്ടെത്തൽ.<br>-സോപ്പ് നിർമ്മാണത്തിന് ആവശ്യമായ NaOH, Silicate, perfume, coconut oil ഉപയോഗിച്ചു നിർമ്മാണ പ്രവർത്തനത്തിലേർപ്പെടുന്നു. | സോപ്പ് നിർമ്മാണത്തിലൂടെ നിത്യജീവിതത്തിൽ ശാസ്ത്രം പ്രയോജനപ്പെടുത്തുന്നതിനും തൊഴിൽ നൈപുണി വികസനത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്നു. | November | " | 500/- | " |

| | | | | | | |
|---|---|---|---|---|---|---|
| 7) സയൻസ് പ്രോജക്ട് - വൈദ്യുതി ഉപയോഗം കുറക്കാനുള്ള വഴികൾ<br>* വൈദ്യുതി ഉപയോഗം കുറയ്ക്കുന്ന ഉപകരണങ്ങൾ<br>* പുതിയ കണ്ടെത്തലുകൾ | സർവ്വേ, വിവരശേഖരണം എന്നിവയിലൂടെ 10 വീടുകളിൽ ഉപയോഗിക്കുന്ന ബൾബുകൾ, ഉപകരണങ്ങൾ (star marks), electricity bill എന്നിവയുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച് വിവരങ്ങൾ കണ്ടെത്തുന്നു. | സാമൂഹികബോധമുള്ള കുട്ടികളാക്കുവാനും സാമൂഹിക പ്രതിബദ്ധത ഉയർത്തുന്നതിനും | ഡിസംബർ | Science Teacher | — | SRG, HM, PTA |
| 8) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ. | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | അക്കാദമിക വർഷം /മുഴുവൻ | " | — | " |

GHS [illegible]

| പ്രതീക്ഷിത ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പഠന സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|
| പദ സമ്പത്ത് വർദ്ധിപ്പിക്കൽ (പദകേളി) *അക്ഷരവായന | അറബി അക്ഷരങ്ങൾ കൊണ്ട് ആരംഭിക്കുന്ന പദങ്ങൾ പട്ടികപ്പെടുത്തുന്നതിന് പ്രാപ്തരാക്കൽ *അക്ഷരം തിരിച്ചറിയുന്നുണ്ടോ എന്ന് കണ്ടെത്തൽ | അധ്യായന വർഷാരംഭത്തിലെ മൂന്നു മാസങ്ങൾ (ജൂൺ ജൂലൈ ആഗസ്റ്റ്) | ടെക്സ്റ്റ് ബുക്കുകൾ, അറബി നിഘണ്ടു | S.R.G |
| ഭാഷാശേഷി വികാസം (വാക്യകേളി) *വാക്യ പരിചയം | വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ച് ലഘു വാക്യങ്ങൾ രൂപപ്പെടുത്താൻ പരിശീലിപ്പിക്കൽ *ചെറിയ വാക്യം വായിക്കാൻ പരിശീലിപ്പിക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | വാക്യങ്ങൾ എഴുതിയ ചാർട്ടുകൾ, വാക്യ കാർഡുകൾ | SRG |
| ഭാഷാശേഷി വികാസം ലഘുകുറിപ്പ് *വാക്യ പരിചയം | പരിചിതമായ പദങ്ങൾ കൊണ്ട് ലഘുവാക്യങ്ങൾ തയ്യാറാക്കുകയും അവ ഉപയോഗിച്ച് നിർദിഷ്ട വിഷയത്തെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കൽ *വാക്യങ്ങൾ വായിക്കാൻ പരിശീലിപ്പിക്കൽ | സെപ്റ്റംബർ മുതൽ മാർച്ച് വരെ | പദച്ചാർട്ടുകൾ നിശ്ചിത വാക്യ അടങ്ങിയ വാക്യങ്ങൾ ഉൾക്കൊള്ളുന്ന കാർഡുകൾ | SRG. |
| ഭാഷാശൈലി ഉപചാര വാക്കുകൾ പ്രയോഗിക്കൽ *കൂടുതൽ ഉപചാരവാക്കുകൾ പരിചയം | അറബി ഭാഷാശൈലികൾ, പ്രയോഗങ്ങൾ ഉപചാര വാക്കുകളുടെ ഉപയോഗം പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ടെക്സ്റ്റ് ബുക്കുകൾ ആനുകാലികങ്ങൾ കമ്പ്യൂട്ടറുകൾ | SRG |
| ഭാഷാ അഭിരുചി വളർത്തൽ വായന പൊതുവിജ്ഞാനം *വായന | ക്ലാസ് തലത്തിലും ക്ലബ് തലത്തിലും അറബി സാഹിത്യ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുകയും വിജയികളെ കണ്ടെത്തി നിരന്തര പരിശീലനങ്ങൾ നൽകൽ *വാക്യങ്ങൾ വായിക്കാൻ പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | പത്രങ്ങൾ മാഗസിനുകൾ ആനുകാലികങ്ങൾ കമ്പ്യൂട്ടർ ടെക്സ്റ്റ് ബുക്കുകൾ | SRG |

| | | | | |
|---|---|---|---|---|
| ഭാഷാ ശേഷി വികാസം (ഭാഷാ വിനിമയം) | അറബി ഭാഷ കേൾക്കുവാനും ഉച്ചം ഉച്ചമായി സംസാരിക്കുവാനും ആവശ്യമായ സാഹചര്യങ്ങൾ ക്ലാസ് മുറികളിൽ സൃഷ്ടിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ടെക്സ്റ്റ് ബുക്കുകൾ ആനുകാലികങ്ങൾ കമ്പ്യൂട്ടർ | SRG |
| ദിനാചരണങ്ങളെക്കുറിച്ചുള്ള പ്രാധാന്യം ബോധ്യപ്പെടുത്തൽ | ദിനാചരണവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ കാർഡുകൾ നോട്ടീസുകൾ എന്നിവ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ, വർണ്ണ കടലാസുകൾ, കളർ പേന, കളർ പെൻസിൽ (ക്രയോൺസ്) | SRG |
| ലാംഗ്വേജ് ലാബ് ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ | ദിനാചരണവുമായി അറബി ഭാഷയിലുള്ള കഥകൾ കവിതകൾ സിനിമകൾ രചനകൾ നാടകങ്ങൾ രചയിതാക്കൾ എന്നിവ പരിചയപ്പെടുത്തൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | കമ്പ്യൂട്ടർ, ചാർട്ടുകൾ പേപ്പറുകൾ | SRG |
| ലാംഗ്വേജ് ആൽബം അറബി രചനകളുടെ ശേഖരണം | അറബിക്കവിതകൾ, കഥകൾ രചനകൾ എന്നിവ തയ്യാറാക്കുകയും ശേഖരിക്കുകയും ചെയ്യുന്നു ഇവ ക്രമീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | വിവിധ തരം അറബി പ്രസിദ്ധീകരണങ്ങൾ ടെക്സ്റ്റ് ബുക്കുകൾ ആനുകാലികങ്ങൾ | SRG |

Nousheeba c.p

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാന ശേഷി വികസനം<br><br>അനായാസ സംവാദ നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രോത്സാഹിപ്പിക്കാനും | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ. (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺമാസം | മലയാളം അധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്**<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളെയും, വാക്യങ്ങളെയും നിർമ്മിക്കുന്നു | ജൂൺ, ജൂലൈ മാസം. | മലയാളം അധ്യാപകർ. |

| | | | | |
|---|---|---|---|---|
| 2 | പഠിതാവിന്റെ അറിവുകൾ ആഴമായ വായന ഉറപ്പുവരുത്തുന്നു | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ശേഖരിക്കുന്ന ശേഖരിച്ച വാർത്തകളും ഉച്ചാരണശുദ്ധി ചർച്ചയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| | | **വാർത്താവായന**<br>നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു | പ്രതിവാരം | മലയാളം അധ്യാപകർ, മലയാളം ക്ലബ് |
| | | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | ഹൈസ്കൂൾ മലയാളം അധ്യാപകർ |
| 3 | സാഹിത്യകൃതികളോടും, സാഹിത്യകാരന്മാരോടുമുള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/ അഭിമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ടുപ്രാവശ്യം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മകശേഷി വളർത്തൽ | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ |
| A പഠിതാക്കളുടെ കലാവാസന വികസിപ്പിക്കൽ | <u>കലാവിഷ്ക്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ, തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു. പ്രദേശ് ഗ്രാമ്യ നാടകകലാ) കാരന്മാരെയും, മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാല നടത്തുന്നു | അക്കാദമിക് വർഷം | പി.ടി.എ. സ്കൂൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം നൽകണം | ഇംഗ്ലീഷ് Text book/ ഇംഗ്ലീഷ് പത്രം എന്നിവ കുട്ടികൾക്ക് നൽകി ഒരു നിശ്ചിത ഭാഗം വായിക്കുന്നതിന് അവസരം നൽകുന്നു. ശേഷം ഏറ്റവും മികച്ച വായനക്കാർക്ക് Star point കൾ നൽകുന്നു. ശേഷം മാസാവസാനം Reader Of the Month. നെ ആദരിക്കുന്നു. സമ്മാനങ്ങൾ നൽകുന്നു. | എല്ലാ മാസവും ജൂൺ – മാർച്ച്. | ഇംഗ്ലീഷ് അധ്യാപകൻ |
| | പാഠഭാഗത്തു നിന്നുള്ള കഠിനമായ വാക്കുകളോ/ പുതിയ വാക്കുകളോ (കുട്ടികൾ പഠിച്ചതിനുശേഷം) ഒരു ചാർട്ടിൽ Scrambled രീതിയിൽ എഴുതുന്നു. ശേഷം അവ കണ്ടെത്തുവാൻ ആവശ്യപ്പെടുന്നു. ഓരോ പാഠഭാഗവും ഇതേ രീതിയിൽ ആവർത്തിക്കുന്നു. ഏറ്റവും മികച്ച പ്രകടനം നടത്തുവരെ ആദരിക്കുന്നു. | ജൂൺ – മാർച്ച് | ഇംഗ്ലീഷ്. അധ്യാപകൻ. |
| | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ – മാർച്ച് | ഇംഗ്ലീഷ് Tr |

| ലക്ഷ്യം | | | |
|---|---|---|---|
| | ഇംഗ്ലീഷ് വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. വാട്സ് ആപ്പ് ഗ്രൂപ്പിൽ ദിവസം റേഡിയോ വാർത്തകൾ വോയ്സ്നോട്ടായി അയച്ചു കൊടുക്കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് Tr |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ - ആഗസ്റ്റ് | English Tr. |
| | വ്യത്യസ്ത കഥകൾ വായിക്കാനും അവതരിപ്പിക്കുവാനും അവസരം നൽകുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ | English Tr |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | English Tr |

| ലക്ഷ്യം | | | |
|---|---|---|---|
| | കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ മാസവും | English Tr. |
| | ക്ലാസ്സിനെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഒക്ടോബർ - നവംബർ. | English Tr |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ഫെബ്രുവരി വർഷാവസാനം. | English Tr. |

| | | | | |
|---|---|---|---|---|
| 4 | ഗണിത ശേഷികളുടെ വികസനം. | ദിനാചരണങ്ങൾ: ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG |
| 5 | ഗണിത പഠനം രസകരവും ലളിതവുമാക്കുക. | ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിസ്ഥാന ക്രിയകൾ സഹായകമാകുന്നു എന്ന തിരിച്ചറിവുണ്ടാക്കുന്നു. ഗണിത കളികൾക്ക് മുൻതൂക്കം നൽകുന്നു. പസിൽ നിർമ്മാണം, ഗണിത ശില്പശാല ക്ലാസ്തലത്തിൽ, ഗണിത ഗാനം, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, ഗണിത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ, ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | ഗണിതാധ്യാപകർ ഗണിതക്ലബ് അംഗങ്ങൾ |

| | | | | |
|---|---|---|---|---|
| 6 | ഗണിത മത്സരവേദികളിലേക്ക്, മേളകളിൽ ഉന്നതസ്ഥാനം കൈവരിക്കാൻ | ഗണിത ക്ലബ് രൂപീകരണം, ക്ലബിന്റെ അറിവുവട്ടത്തിൽ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ സംഘടിപ്പിച്ച് മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നു. | ജൂൺ മാസം വാരം മുതൽ അവസാന വാരം | ഗണിതാധ്യാപകർ, ക്ലബ് അംഗങ്ങൾ. |

| No | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | എല്ലാ കുട്ടികൾക്കും ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപകർ | |
| 2. | അക്ഷരമാലയുടെ ചിഹ്നം ഉറപ്പിക്കാൻ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ് ക്ലാസിൽ പ്രദർശനം. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ | |
| 3. | നിരന്തരം പുസ്തകം വായിച്ച് വായനയിലേക്ക് അടുപ്പിക്കൽ. | ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശീലനം നൽകും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 4. | ഹിന്ദിമാത്രം വാരം ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യം ഹിന്ദിയിൽ ചോദിക്കും | ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 5. | ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ ചേർത്ത് സെപ്തംബർ-14 ജനുവരി-10<br>• ക്ലാസ് ലൈബ്രറി | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം സൃഷ്ടി ഹിന്ദി | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപക/PTA സമിതി |

വിഭാഗം :- യു പി

മേഖല :- ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തന പരിപാടിയുടെ പേര് :- ആരോഗ്യ സമ്പന്ന വിദ്യാലയം

ആമുഖം :- ഗവൺമെന്റ് ഹൈസ്കൂൾ റിപ്പൺ യു പി ക്ലാസ്സുകളിലെ കായിക മേഖലയുടെ വളർച്ചക്ക് ആവശ്യമായ പ്രവർത്തനമാണ് ആരോഗ്യ സമ്പന്ന വിദ്യാലയം എന്നതിലൂടെ ലക്ഷ്യമിടുന്നത്. ആധുനിക സംവിധാനങ്ങൾ അടിമകളാക്കിയ നമ്മുടെ കുട്ടികളിൽ പൊണ്ണത്തടിയും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും കൂടുന്നു. ഈ കുട്ടികളിൽ കൊച്ചു കൊച്ചു കായിക പ്രവർത്തനങ്ങൾ നൽകി കായിക മേഖലയോടുള്ള താൽപര്യം വർധിപ്പിക്കുകയും അത് വഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുകയുമാണ് ആരോഗ്യ സമ്പന്ന വിദ്യാലയം എന്ന ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

വിദ്യാലയത്തിന്റെ പേര് : ജി. എച്ച്. എസ് റിപ്പൺ

വിഭാഗം : യു.പി

വിഷയം : ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തന പരിപാടിയുടെ പേര് : ആരോഗ്യ സമ്പന്ന വിദ്യാലയം

| SL NO | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | നിർവഹണ കാലം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | June | July | Aug | Sept | Oct | Nov | Dec | Jan | Feb | March |
| 1. | കായികക്ഷമത പരിശോധന | ഓരോ കുട്ടിയുടെയും കായികക്ഷമത കണ്ടെത്തുന്നതിന് Hight & weight കൂടാതെ BMI നിർണ്ണയിച്ച് കുട്ടികളുടെ കായികക്ഷമത എത്രത്തോളം എന്ന് പഠിക്കപ്പെടുന്നു | കായിക അധ്യാപിക | ✓ | ✓ | | | | | | | | |
| 2. | കായികക്ഷമത വളർത്തൽ | PET പിരീഡുകളിൽ കുട്ടികൾക്ക് ജോഗിങ്, വ്യായാമങ്ങൾ എന്നിവ കൊടുക്കുന്നു. | കായിക അധ്യാപിക | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

| SL NO | പ്രവർത്തനം | പ്രവർത്തന ഫലങ്ങൾ | ചുമതല | നിർവഹണ കാലം June | July | Aug | Sep | Oct | Nov | Dec | Jan | Feb | Mar |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | ആരോഗ്യ പരിപാലനം. | കുട്ടികളിൽ ആരോഗ്യം നിലനിർത്താൻ ആവശ്യമായ ക്ലാസുകൾ രക്ഷണ കേന്ദ്രീകരണങ്ങൾ ശുചിത്വം എന്നിവയെല്ലാം ക്ലാസുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ബോധ്യമാക്കുന്നു. പരിസര ശുചിത്വം, വ്യക്തി ശുചിത്വം | കായിക അധ്യാപിക | ✓ | ✓ | ✓ | ✓ | ✓ | ✓ | | | | |
| 4. | വ്യായാമങ്ങൾ പരിചയപ്പെടുത്തൽ | ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ വ്യായാമങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. PET പീരിയഡുകളിൽ അത് ചെയ്യിപ്പിക്കുന്നു. | കായിക അധ്യാപിക | | | | | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 5. | മൈനർ ഗെയിമുകൾ പരിചയപ്പെടുത്തൽ. | പാഠ്യ പ്രവർത്തനങ്ങളിലൂടെ ഉള്ള ഗെയിമുകൾ Standing Kho-Kho പോലുള്ള മറ്റ് ഗെയിമുകൾ എന്നിവ പരിശീലിപ്പിക്കുന്നു. | കായിക അധ്യാപിക | | | | | | | ✓ | ✓ | ✓ | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6. | വേറെ ഗെയിം പരിചയപ്പെടുന്നു. | സോഫ്റ്റ് ബോൾ, Badminton, football, എന്നിവയെക്കുറിച്ച് പരിചയപ്പെടുന്നു. കളിപ്പിക്കുന്നു | കായിക അധ്യാപിക | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | | |
| 7. | യോഗ പരിശീലനം ചെയ്യുന്നു. | അവസരം കിട്ടുന്ന സമയങ്ങളിൽ യോഗയും അതിന്റെ പ്രാധാന്യവും ചെയ്യേണ്ട വിധവും പരിചയപ്പെടുത്തുന്നു. | കായിക അധ്യാപിക | | | | ✓ | | ✓ | ✓ | ✓ | ✓ | ✓ |
| 8. | അത്‌ലറ്റിക്സ് ഇനങ്ങൾ പരിചയപ്പെടുത്തുന്നു. | ചാട്ടം, ഓട്ടം, ഡിസ്കസ്, ജാവലിൻ, ഷോട്ട് എന്നിവ പരിശീലിപ്പിക്കുന്നു | കായിക അധ്യാപിക | ✓ | ✓ | ✓ | ✓ | ✓ | | | | | |